**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 79** **12-06-2024 - ൽ മറുപടിയ്ക്ക്**

**വനമേഖലയിലെ ആദിവാസി ഇതര കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ ഉണ്ടാകാനിടയുള്ള വനമേഖലകളിലും അതിർത്തികളിലും താമസിക്കുന്ന ആദിവാസി ഇതര സമൂഹങ്ങളിൽപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ തയ്യാറാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ ഉണ്ടാകാൻ ഇടയുള്ള വനമേഖലകളിലും, വനാതിർത്തികളിലും താമസിക്കുന്ന ആദിവാസി ഇതര സമൂഹങ്ങളിൽപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനു തയ്യാറാക്കിയ പദ്ധതിയാണ് 'നവകിരണം' എന്ന നാമദേയത്തിൽ അറിയപ്പെടുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി. ഈ പദ്ധതി 14-11-2019 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ അംഗീകൃത മാർഗ്ഗരേഖയുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.<br><br>പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി നവകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെൻറ് പദ്ധതി (14.11.2019-ലെ ജി.ഒ.(ആർ.റ്റി)483,/2018/പി&ഇ.എ നമ്പർ ഉത്തരവ്), KIIFB Phase -II (23.01.2020-ലെ ജി.ഒ (എം.എസ്) 2/2020//വനം വന്യജീവി, 02.08.2021-ലെ ജി.ഒ (എം.എസ്) 12/2021/വനം വന്യജീവി നമ്പർ ഉത്തരവുകൾ) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങൾ സ്വമേധയാ അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് തങ്ങളുടെ കൈവശഭൂമി മേൽപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ നൽകുകയും, അപേക്ഷകർ ഉൾപ്പെട്ടിട്ടുള്ള സെറ്റിൽമെന്റ് മേൽപദ്ധതിയുടെ അംഗീകൃത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ അംഗീകൃതമാണോ എന്ന് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പരിശോധിച്ച് ആയത് അംഗീകൃതമാണെങ്കിൽ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ബന്ധപ്പെട്ട ചീഫ് ഫോറസ്റ്റ് |

കൺസർവേറ്റർ മുഖേന സ്പെഷ്യൽ ഓഫീസർ, RKDP യ്ക്ക് സമർപ്പിക്കുകയും ആയത് സ്പെഷ്യൽ ഓഫീസർ, RKDP സ്റ്റേറ്റ് ലെവല് എംപവേർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ച്, ടി സെറ്റിൽമെൻറിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അതില്പൾപ്പെട്ടിട്ടുള്ള അപേക്ഷകരുടെ കൈവശഭൂമി സ്ഥലപരിശോധന നടത്തിയും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും ഓരോ അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിത്തുകയായ 15 ലക്ഷം രൂപ രണ്ടു ഗഡുക്കളായി നൽകി വരുന്നു.

- ഇപ്രകാരം തിരഞ്ഞെടുക്കുന്ന പദ്ധതി പ്രദേശത്ത് താമസിക്കുന്നവർക്കും ഭൂമിയുള്ളവർക്കും പദ്ധതിയിൽ പങ്കാളികളാവാം. എന്നാൽ പദ്ധതി പ്രദേശത്ത് താമസിക്കുന്ന വ്യക്തികൾക്ക് അപേക്ഷകനോടൊപ്പം ആശ്രിതനായി താമസിക്കുന്ന താഴെപ്പറയുന്ന വ്യക്തികൾക്ക് ഉപയൂണിറ്റിനും അർഹതയുണ്ട് (പതിനഞ്ച് ലക്ഷം രൂപ വീതം).

1.പ്രായപൂർത്തിയായ മകനോ, മകളോ (18 വയസ്സിന് മുകളിൽ), വിവാഹിതരോ അല്ലയോ എന്നത് കണക്കിലെടുക്കാതെ.

2. 18 വയസ്സിനു മുകളിൽ പ്രായമുള്ള സഹോദരനോ സഹോദരിയോ.

3. ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്നവർ (പ്രായം കണക്കിലെടുക്കാതെ)

4. അനാഥർ.

5. വിധവ അല്ലെങ്കിൽ വിവാഹമോചിത.

- രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള ഒരു അർഹതപ്പെട്ട കുടുംബത്തിന് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപ ലഭ്യമാകും.
- വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ, പ്രായപൂർത്തിയായ മകൻ/മകൾ എന്നിങ്ങനെ കണക്കാക്കാതെ നഷ്ടപരിഹാരം ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നിജപ്പെടുത്തുന്നതാണ്.
- രണ്ട് ഹെക്ടറിന് മേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽ അധികമായുള്ള ഓരോ രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട യൂണിറ്റായി കണക്കാക്കുന്നതാണ് (ഇത് പരമാവധി ആറു ഹെക്ടർ (15 ഏക്കർ) കേരള ലാൻഡ്സീലിങ് പരിധി.

| | | | |
|---|---|---|---|
| | | | |
| (ബി) | പ്രസ്തുത പദ്ധതികൾ മുഖേന എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഈ പദ്ധതി പ്രകാരം 784 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക നൽകി വനാന്തരങ്ങളിൽ നിന്ന് മാറിപ്പോകുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ടി 784 അർഹതപ്പെട്ട കുടുംബങ്ങളിൽ 627 അർഹതപ്പെട്ട കുടുംബങ്ങൾക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15.00 ലക്ഷം രൂപ നിരക്കിൽ) 157 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.50 ലക്ഷം രൂപ വീതം ഇതിനകം നൽകിയിട്ടുള്ളതാണ്.<br><br>ഇതിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പുനരധിവസിപ്പിക്കപ്പെട്ടവരുടെ തൊഴിൽ പരിശീലനത്തിനായി പ്രത്യേക പദ്ധതികളുണ്ടോ; വിശദമാക്കാമോ; | (സി) | സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം പദ്ധതി പ്രദേശത്ത് താമസിക്കുന്ന ഓരോ കുടുംബങ്ങൾക്കും ഒറ്റത്തവണ ഉപജീവന സഹായ പരിശീലനം നൈപുണ്യ നവീകരണ പരിശീലനം നൽകുന്നതിനുള്ള പദ്ധതിയും സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലൂടെ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലേക്കായി ഓരോ അർഹതപ്പെട്ട കുടുംബങ്ങൾക്കും തയ്യൽ, ഡ്രൈവിംഗ്, ഇലക്ട്രിക്കൽവർക്ക്, ഹോം നേഴ്സിങ് തുടങ്ങിയ ഉപജീവന സഹായ തൊഴിലുകൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓരോ അർഹതപ്പെട്ട കുടുംബങ്ങൾക്കും 25,000/ രൂപ വരെ മേൽ പരിശീലനം നൽകുന്നതിന് തുക അനുവദിച്ചിട്ടുള്ളതാണ്. |
| (ഡി) | പുനരധിവസിപ്പിക്കപ്പെട്ട ശേഷം സർക്കാരിലേക്ക് നിക്ഷിപ്തമായ ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിച്ച ശേഷം നാളിതുവരെ 155.4924 ഹെക്ടർ ഭൂമി സർക്കാരിലേക്ക് നിക്ഷിപ്തമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | അർഹതപ്പെട്ട കുടുംബ യൂണിറ്റുകൾ | അനുവദിക്കപ്പെട്ട സാമ്പത്തിക പാക്കേജ് (കോടി) |
|---|---|---|
| പൂർണമായും സാമ്പത്തിക പാക്കേജ് ലഭിച്ചവർ | 627 | 94.05 |
| ആദ്യഗഡു സാമ്പത്തിക പാക്കേജ് ലഭിച്ചവർ | 157 | 11.775 |
| ആകെ | 784 | 105.825 |